**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3050** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ നാലുവരിയിൽ ഗ്രീൻഫീൽഡ് ഇടനാഴി എന്ന പാത പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. പ്രസ്തുത പാതയുടെ ഭൂമി ഏറ്റെടുക്കലിന് 25% തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത പാതയുടെ ഭൂമി ഏറ്റെടുക്കലിന് 25% തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പാത നിർമ്മാണവുമായി ബന്ധപ്പെട്ട ഫൈനൽ അലൈൻമെന്റ് ആയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ദേശീയപാത അതോറിറ്റി അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം - കൊട്ടാരക്കര, കോട്ടയം - അങ്കമാലി റോഡിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പുതിയ പാതയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ദേശീയപാത അതോറിറ്റി അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം - കൊട്ടാരക്കര, കോട്ടയം - അങ്കമാലി റോഡിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | എത്ര കിലോമീറ്റർ ദൂരത്തിലാണ് പാത നിർമ്മിക്കുന്നതെന്നും ഇതിൽ കോതമംഗലം താലൂക്കിൽ ഏതെല്ലാം സ്ഥലങ്ങൾ വരുമെന്നും വിശദമാക്കാമോ; | (ഇ) | 227.50 കിമീ ദൂരത്തിലാണ് പാത നിർമ്മിക്കുന്നത്. കോതമംഗലം താലൂക്കിൽ 22.1 കി.മി ദൂരത്തിൽ പാത കടന്നുപോകുന്നു. (CH- 181+100 - 203+200) താഴെപ്പറയുന്ന വില്ലേജുകളിലൂടെയാണ് ഈ പാത കടന്നു പോകുന്നത്. 1. പോത്തനിക്കോട് 2. കുട്ടമംഗലം 3. കോതമംഗലം 4. കീരാംപാറ 5. പിണ്ടിമന 6. പോത്തനിക്കാട് |
| (എഫ്) | പ്രസ്തുത പാതയുടെ കൃത്യമായ ദിശ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ; | (എഫ്) | പാതയുടെ ദിശ താഴെപ്പറയും പ്രകാരമാണ് നെടുമങ്ങാട് (അഴിക്കോട്) - SH2 അഞ്ചൽ (കൊല്ലം) - SH - 89 കോന്നിക്കോട് - NH - 744 പത്തനാപുരം (കൊല്ലം) - SH - 5 റാന്നി - (പത്തനംതിട്ട) – SH – 8 ഭരണങ്ങാനം - SH - 32 കല്ലൂർക്കാട് - SH - 43 കോതമംഗലം - (മില്ലുംപാടി ബസ് സ്റ്റോപ്പ്) - NH 49-ചേരനല്ലൂർ ചന്ദ്രപാറ – (കപ്പിലിക്കാവ് - കോത്തുകല്ലു റോഡ്) ഉറവൂർ |

| | | | |
|---|---|---|---|
| | | | വങ്ങൂർ (crossing to MC Road) End point (Puthussery) New Airport, Kchi |
| (ജി) | കോതമംഗലം താലൂക്കിൽ പ്രസ്തുത പാതയ്ക്കായി ഏറ്റെടുക്കുന്ന വില്ലേജുകൾ അവയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ അറിയിക്കാമോ; പദ്ധതിക്ക് ആകെ വരുന്ന തുക എത്രയെന്നും പദ്ധതി പൂർത്തിയാക്കുവാൻ നിശ്ചയിച്ചിട്ടുള്ള സമയക്രമവും വ്യക്തമാക്കാമോ? | (ജി) | ഏറ്റെടുക്കേണ്ട ഭൂമിയുടെയും നഷ്ടപരിഹാര-ത്തുകയുടെയും വിശദവിവരങ്ങൾ കണക്കാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ